ആവശ്യപ്പെടുകയാണ്. ഇതിന്റെ പ്രാധാന്യം കണക്കിലെടുത്തുകൊണ്ട് 3-7-2008-ൽ പി.എസ്.സി. ഈ പ്രൊപ്പോസൽ സഭയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് സമർപ്പിച്ചിട്ടുണ്ട്. ഇതിനാവശ്യമായ ഭേദഗതി കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളിൽ ഭേദഗതി വരുത്താൻ നിയമസഭയുടെ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ടെന്നും ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടിയിൽ വ്യക്തമാക്കിയതാണ്. അതുകൊണ്ട് രണ്ടരവർഷത്തോളമായി സർക്കാരിന്റെ മുന്നിലുള്ള ഈ പ്രൊപ്പോസൽ പരിശോധിച്ച് അനുകൂലമായ അടിയന്തര നടപടി സ്വീകരിച്ച് ജില്ലാതല നിയമനങ്ങൾക്ക് അതാത് ജില്ലക്കാർക്ക് അഞ്ച് മാർക്കുവീതം ഗ്രേസ് മാർക്ക് നൽകാൻ സർക്കാർ തയ്യാറാകുമോ?

11.00 AM]

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, പി.എസ്.സി. നടത്തുന്ന എല്ലാ ജില്ലാതല നിയമനങ്ങൾക്കും അതാതു ജില്ലയിലുള്ള ഉദ്യോഗാർത്ഥികൾക്ക് വെയ്റ്റേജായി അഞ്ച് മാർക്ക് നൽകാനും കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ 3-4-2003-ൽ ശിപാർശ ചെയ്തിരുന്നു. പ്രസ്തുത ശുപാർശ പര്യാപ്തമല്ലാതിരുന്നതിനാൽ കമ്മീഷൻ ശിപാർശ പുനഃപരിശോധിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ എല്ലാ ജില്ലാതല നിയമനങ്ങൾക്കും അതതു ജില്ലകളിലുള്ളവർക്ക് വെയ്റ്റേജായി അഞ്ചു മാർക്ക് നൽകാനും വെയ്റ്റേജ് മാർക്കിന് അർഹമാകുന്ന ഉദ്യോഗാർത്ഥികൾക്ക് കമ്മീഷൻ ആവശ്യപ്പെടുന്നതനുസരിച്ച് തഹസീൽദാർമാരുടെ റാങ്കിൽ കുറയാത്ത പദവിയിലുള്ള അധികാരി നൽകുന്ന നേറ്റിവിറ്റി സർട്ടിഫിക്കറ്റ് ഹാജരാക്കാൻ വ്യവസ്ഥ ചെയ്തുകൊണ്ടും കെ.എസ്. ആന്റ് എസ്.എസ്.ആർ.-ലെ ചട്ടം 5(എ)-യുടെ അനുബന്ധം നീക്കം ചെയ്യാനുമുള്ള കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ പുതിയ ശിപാർശ 3-7-2008-നാണ് സർക്കാരിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. . ഈ ശിപാർശയുടെ അടിസ്ഥാനത്തിൽ കെ.എസ്.ആന്റ് എസ്.എസ്.ആർ.-ലെ ബന്ധപ്പെട്ട ചട്ടങ്ങൾ ഭേദഗതി വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിലേയ്ക്കായി തയ്യാറാക്കിയ വിജ്ഞാപനം നിയമസഭയുടെ വിഷയനിർണ്ണയ കമ്മിറ്റിയുടെ പരിഗണനയ്ക്കായി സമർപ്പിച്ചിരിക്കുകയാണ്. വിഷയനിർണ്ണയ സമിതിയുടെ അംഗീകാരം ലഭിച്ചതിനുശേഷം വിജ്ഞാപനം പുറപ്പെടുവിക്കുന്നതാണ്.

(2) ഹയർ സെക്കണ്ടറി കോഴ്സ് അനുവദിക്കാൻ നടപടി

ശ്രീ. ആനത്തലവട്ടം ആനന്ദൻ: സർ, കോളേജുകളിൽനിന്ന് പ്രീ-ഡിഗ്രി വേർപെടുത്തി ഹൈസ്കൂളുകളിൽത്തന്നെ പ്ലസ് ടു വരെ പഠിക്കാൻ സൗകര്യം നൽകിയ നടപടി സ്വാഗതാർഹമാണ്. ഇപ്പോൾ പല ജോലികൾക്കും എസ്.എസ്.എൽ.സി. അടിസ്ഥാന യോഗ്യത നിശ്ചയിച്ചിരുന്നത് പ്ലസ് ടു-ആക്കി ഉയർത്തിയിട്ടുണ്ട്. അതുപോലെതന്നെ ഹയർ സ്റ്റഡീസിന് പോകണമെങ്കിലും പ്ലസ് ടു പഠിക്കാൻ സൗകര്യം വേണം. എന്റെ മണ്ഡലത്തിലുള്ള ചിറയിൻകീഴ്, കടയ്ക്കാവൂർ പഞ്ചായത്തുകൾ തീരദേശ പഞ്ചായത്തുകളാണ്. അവിടത്തെ

LIBRARY ARCHIVES Kerala Legislative Assembly

സ്കൂളുകളിൽ കയർ-മത്സ്യത്തൊഴിലാളികളുടെ മക്കളാണ് മുഖ്യഭാഗവും പഠിക്കുന്നത്. ചിറയിൻകീഴ് ബോയ്സ് ഹൈസ്കൂളിൽനിന്ന് എസ്.എസ്.എൽ.സി. പാസ്സാകുന്ന കുട്ടികൾക്ക് പ്ലസ് ടു-വിന് പഠിക്കാൻ മറ്റേതെങ്കിലും താലൂക്കിലെ സ്കൂൾ തേടിപ്പോകേണ്ടിയിരിക്കുന്നു. അതിന് ബസ്സുകൂലിയോ ട്രെയിൻ കൂലിയോ കൊടുത്ത് ദൂരസ്ഥലങ്ങളിൽപ്പോയി പഠിക്കാൻ നിവർത്തിയില്ലാത്തവരാണ് ഈ കുട്ടികൾ. അവർ പഠിച്ച സ്കൂളിൽത്തന്നെ പ്ലസ് ടു പഠിക്കാനുള്ള സൗകര്യം ലഭിക്കുന്നതിനായി, പ്ലസ് ടു ഇല്ലാത്ത പഞ്ചായത്തുകളിൽ അടുത്ത അദ്ധ്യയന വർഷം മുതൽ പ്ലസ് ടു കോഴ്സ് പഠിക്കാനുള്ള സൗകര്യം ലഭ്യമാക്കണം. ജില്ലയിൽ മറ്റേതെങ്കിലും താലൂക്കിൽ പ്ലസ് ടു സ്കൂളുകളിൽ സീറ്റ് ഒഴിഞ്ഞുകിടപ്പുണ്ടെന്ന ന്യായം പറഞ്ഞ് തീരദേശ പഞ്ചായത്തുകളിലെ പാവപ്പെട്ട നിർദ്ധനരായ കുട്ടികൾക്ക് പഠിക്കാനുള്ള അവസരം നിഷേധിക്കരുതെന്നും ചിറയിൻകീഴ്, കടയ്ക്കാവൂർ പഞ്ചായത്തുകളിൽ പ്ലസ് ടു പഠിക്കാനുള്ള സൗകര്യം ലഭ്യമാക്കണമെന്നും ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ ബേബി) : സർ, സംസ്ഥാനത്ത് ഹയർ സെക്കണ്ടറി പഠനത്തിന് കൂടുതൽ സൗകര്യം ഏർപ്പെടുത്തണമെന്ന് നിരവധി നിവേദനങ്ങൾ ഗവൺമെന്റിന് ലഭിക്കുന്നുണ്ട്. എസ്.എസ്.എൽ.സി. പാസായ മുഴുവൻ കുട്ടികൾക്കും ഹയർ സെക്കണ്ടറിയോ സമാനമായ കോഴ്സുകളോ പഠിക്കാനുള്ള സൗകര്യം ഉണ്ടാകണമെന്നതാണ് സർക്കാർ നിലപാട്. ഇതിന് കഴിയുംവിധം എല്ലാ പഞ്ചായത്തുകളിലും ഒരു ഹയർ സെക്കണ്ടറിയോ വൊക്കേഷണൽ ഹയർ സെക്കണ്ടറിയോ സ്കൂൾ സ്ഥാപിക്കണമെന്ന നയം ഈ ഗവൺമെന്റ് അംഗീകരിച്ച് പ്രഖ്യാപിച്ചിട്ടുണ്ട്. ഇത് നടപ്പാക്കുന്നതിന്റെ ഒന്നാം ഘട്ടം എന്ന നിലയിൽ ഹയർ സെക്കണ്ടറി പഠനത്തിന് നിലവിൽ സൗകര്യങ്ങൾ വളരെ പരിമിതമായ തൃശൂർ മുതൽ കാസർകോഡ് വരെയുള്ള ജില്ലകളിലും ഇടുക്കി ജില്ലയിലെ ഭാഷാ ന്യൂനപക്ഷ പ്രദേശങ്ങളിലും ഹയർ സെക്കണ്ടറി സ്കൂളുകൾ ഈ വർഷം തന്നെ ആരംഭിച്ചിട്ടുണ്ട്. ഈ നയം എറണാകുളം മുതൽ തിരുവനന്തപുരം വരെയുള്ള ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കുവാനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്. ഭൂമിശാസ്ത്രപരമായ സവിശേഷതകൾ, ജനസാന്ദ്രത, തീരപ്രദേശം, ന്യൂനപക്ഷ സമൂഹങ്ങൾ കൂടുതലായി വസിക്കുന്ന പ്രദേശങ്ങൾ എന്നിവ പരിഗണിച്ച് ഇപ്പോൾ നിലവിൽ ഒരു ഹയർ സെക്കണ്ടറി സ്കൂളെങ്കിലും ഉണ്ടെങ്കിൽപോലും അവിടെയും ആവശ്യമുണ്ടെങ്കിൽ പുതിയ സ്കൂളുകളും ബാച്ചുകളും അനുവദിക്കുന്നതിനുള്ള സാദ്ധ്യതയും ഗവൺമെന്റ് ആരായുന്നതാണ്. എന്നാൽ ശാസ്ത്രീയമായ പഠനത്തിന്റെ പശ്ചാത്തലത്തിൽ വേണം ഏതെല്ലാം സ്കൂളുകൾ ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറിയായി ഉയർത്തേണ്ടത് എന്ന് തീരുമാനിക്കുവാൻ. ഇതിനുള്ള നടപടികൾ പൊതുകാഴ്ചപ്പാടിൽ നിന്നുകൊണ്ട് ആരംഭിക്കുവാൻ ഗവൺമെന്റ് തീരുമാനിച്ചിരിക്കുകയാണ്. ഈ നടപടികൾ കൈക്കൊള്ളുന്ന ഘട്ടത്തിൽ ബഹുമാനപ്പെട്ട അംഗം പറഞ്ഞ ചിറയിൻകീഴ് പഞ്ചായത്തിലെ ചിത്തിര

LIBRARY ARCHIVES Kerala Legislative Assembly

വിലാസം ബോയ്സ് ഹൈസ്കൂളിലും ഹയർ സെക്കണ്ടറി കോഴ്സ് അനുവദിക്കുന്ന കാര്യം അനുഭാവപൂർവ്വം പരിഗണിക്കുന്നതാണ്.

(3) കാട്ടാനകളുടെ ആക്രമണം

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, എന്റെ നിയോജക മണ്ഡലത്തിലെ വന്യമൃഗങ്ങളുടെ ശല്യം സംബന്ധിച്ച് ഞാൻ രണ്ടുമൂന്ന് തവണ നിയമസഭയിൽ അവതരിപ്പിച്ചിട്ടുള്ളതാണ്. കഴിഞ്ഞ സഭയിലും ഞാൻ ഇതുസംബന്ധിച്ച് ഒരു കാളിംഗ് അറ്റൻഷൻ കൊണ്ടുവന്നിരുന്നു. അതിനുശേഷം ഈ ജനുവരി 13-ാം തീയതി ഞാൻ അന്ന് ചൂണ്ടിക്കാണിച്ച വഴിക്കടവ് പഞ്ചായത്തിലെ തന്നെ സിദ്ധിഖ് എന്ന് പറയുന്ന ഒരു പാവപ്പെട്ട ആളെ ആന കൊല്ലുകയും നിരവധി കൃഷിയിടങ്ങൾ നശിപ്പിക്കുകയും ചെയ്തു. മരണപ്പെട്ട ആളിന്റെ കുടുംബത്തിന് മുന്ന് ലക്ഷം രൂപ സാമ്പത്തിക സഹായം നൽകാൻ വ്യവസ്ഥയുണ്ട്. പക്ഷേ ഇതുവരെ ഒന്നും നൽകിയിട്ടില്ല. അതുപോലെതന്നെ ഇതേ പഞ്ചായത്തിലെ പുഞ്ചക്കൊല്ലി അളക്കൽ ട്രൈബൽ കോളനി 120 കുടുംബങ്ങൾ താമസിക്കുന്ന സ്ഥലമാണ്. അവിടെ ആനകളുടെ ശല്യം കാരണം ദിവസങ്ങളോളം അവർ ജനങ്ങളിൽ നിന്നും ഒറ്റപ്പെട്ടുകൊണ്ട് പട്ടിണി കിടക്കുകയായിരുന്നു. ഒരാൾക്കും പോകാൻ കഴിയാത്ത, ഒരു സാഹചര്യമായിരുന്നു. അതിനുശേഷം ജനുവരി 29-ാം തീയതി ഇതേ കോളനിയിലുള്ള ഒരു ആദിവാസിക്ക് രോഗം വന്നപ്പോൾ കൊണ്ടുപോകാൻ മാർഗ്ഗമില്ല. ഒരു ഗൂഡ്സിൽ അദ്ദേഹത്തെ എങ്ങനെയൊക്കെയോ കയറ്റി ആശുപത്രിയിലേക്ക് കൊണ്ടുവരുമ്പോൾ വഴിയിൽ ആന തടഞ്ഞു, ശല്യപ്പെടുത്തി. എങ്ങനെയോ രക്ഷപ്പെട്ടു. ഇതിന്റെ ഫലമായി അവിടത്തെ ജനങ്ങൾ ഒന്നിച്ച് റോഡിൽ ഇറങ്ങി, രാത്രി 12 മണിവരെ അവിടെ ഉപരോധമായിരുന്നു. ഇത് ഒരു മോഴയാനയാണ്. വേറെയും ആനകളുണ്ട്. ഈ ആളെ കൊന്ന ആന മറ്റ് പല കൃഷികളും നശിപ്പിച്ചു. ഈ ആദിവാസി കോളനിയിലെ പുഞ്ചക്കൊല്ലി പ്ലാന്റേഷൻ പി.സി.കെ.-യുടെ കീഴിലുള്ള പ്ലാന്റേഷനാണ്. അവിടത്തെ ജോലിക്കാർക്ക് ജോലി ചെയ്യാൻ പോലും സാധ്യമല്ല. അവർക്ക് അങ്ങോട്ട് പോകാൻ സാധ്യമല്ല. അവിടത്തെ ഫോറസ്റ്റ് ചെക്ക് പോസ്റ്റുതന്നെ ആന കുത്തിപ്പൊളിച്ചു. ഇതുപോലെ നിരവധി സംഭവങ്ങൾ ദിവസേനയുണ്ടാകുന്നു. 1972-ലെ വൈൽഡ് ലൈഫ് പ്രൊട്ടക്ഷൻ ആക്ട്, സെക്ഷൻ 11(2) അനുസരിച്ച് ഈ ആനയെ ഹണ്ട് ചെയ്യാവുന്നതാണ്. ഇത്ര മാത്രം ദ്രോഹം ചെയ്യുന്ന ആനയെ ഹണ്ട് ചെയ്യാൻ ചീഫ് വൈൽഡ് ലൈഫ് ഓഫീസർക്ക് അധികാരമുണ്ട്. അതുകൊണ്ട് ഈ അധികാരം ഉപയോഗിച്ച് ജനങ്ങളെ സഹായിക്കാൻ ആ ആനയെ അടിയന്തരമായി ഹണ്ട് ചെയ്യണം. സിദ്ധിഖിന്റെ കുടുംബത്തിന് അടിയന്തരമായി നഷ്ടപരിഹാരം നൽകണം. ജനങ്ങളെ ഈ ദ്രോഹത്തിൽ നിന്നും രക്ഷിക്കാനുള്ള നടപടി അടിയന്തരമായി കൈക്കൊള്ളണം എന്നാണ് എനിക്ക് പറയാനുള്ളത്.

വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ബിനോയ് വിശ്വം): സർ, ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദ് ഈ സഭയിൽ പലവട്ടം ഉന്നയിച്ച വിഷയം ഇവിടത്തെ മാത്രമല്ല സംസ്ഥാനത്തെ പല ഭാഗത്തെയും വനമേഖലകളിലെ

LIBRARY ARCHIVES Kerala Legislative Assembly